## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **26.08.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

**നിയമസഭാ ചോദ്യം നമ്പർ. 3466**

### കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ്

| | ചോദ്യം<br>ശ്രീ.കെ.എസ് ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | കൊച്ചി സി.പി.ഓഫീസിലെ ഭരണ വിഭാഗത്തിൽ നിന്നും ഉദ്യോഗസ്ഥർക്ക് മേൽ ചട്ടവിരുദ്ധമായ നടപടികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ജില്ലാ പോലീസ് മേധാവി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സമാശ്വാസ തൊഴിൽ ദാന പദ്ധതിയിലൂടെ സർവ്വീസിൽ വന്ന വനിത ജീവനക്കാരിയെ മാനേജർ ഭീഷണിപ്പെടുത്തുന്നതിനാൽ സ്ഥലം മാറ്റം ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; ഇതു സംബന്ധിച്ച് എം.ഒ.പി പോലീസ് നടപടിക്രമം 154 പ്രകാരം അപേക്ഷ മേൽ ഓഫീസിലേയ്ക്ക് അയച്ചിട്ടില്ലെന്ന കാര്യം ഗൗരവമായി കാണുമോ ; | | |
| (സി) | ഇതേ ഓഫീസിലെ മറ്റൊരു വനിതാ ജീവനക്കാരിയ്ക്ക് ഉണ്ടായ മാനസിക ബുദ്ധിമുട്ട് കാരണം രാജി സന്നദ്ധത അറിയിച്ചിട്ടുള്ളതിന്റെ സാഹചര്യം പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്ക് എതിരെ നടപടി എടുത്തിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ജില്ലാ പോലീസ് മേധാവി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ജീവനക്കാരി കൊച്ചി സിറ്റി ഓഫീസിൽ ജോലി ചെയ്ത് വരുന്നു. |
| (ഡി) | ഇതേ ഓഫീസിൽ ചട്ടവിരുദ്ധമായി കൊച്ചി സിറ്റി എ.ആർ ഓഫീസിലെ ക്യാഷ്യർക്ക് മറ്റ് ചുമതലകൾ നൽകി ക്യാഷ് ചെസ്റ്റ് ഇരിക്കുന്ന എ.ആർ ഓഫീസിൽ നിന്നും 15 കിലോ മീറ്റർ അകലെയുള്ള സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ ഹാജർ രേഖപ്പെടുത്തുന്ന വിധത്തിൽ അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് സൗകര്യം നൽകിയിട്ടുള്ളത് പുനപരിശോധിക്കുമോ ; | (ഡി) | ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ ക്രമീകരണം നടത്തിയിരുന്നു. |

| | |
|---|---|
| (ഇ) വനിത ജീവനക്കാരികളുടെ പരാതികൾ ക്രമവിരുദ്ധമായി മേൽ ഉദ്യോഗസ്ഥർക്ക് അയയ്ക്കാതിരിക്കുകയും അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് സൗകര്യങ്ങൾ നൽകുന്ന പ്രസ്തുത ഓഫീസിലെ ഭരണ വിഭാഗം മേൽ ഉദ്യോഗസ്ഥരുടെ നടപടികൾ പുനപരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ ? | ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**